(ബി) പ്രവർത്തനസമയത്തിൽ വ്യത്യാസം വരുത്താൻ ആലോചന ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

(ഡി) നിശ്ചിത സമയത്തിനും വളരെ നേരത്തെ മദ്യഷാപ്പുകളിൽ നിന്നും പതിവുകാർക്ക് മദ്യം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അസമയങ്ങളിൽ മദ്യവിതരണം നിയന്ത്രിക്കാനുള്ള ചുമതല ആർക്കാണ് എന്ന് അറിയിക്കുമോ ;

(എഫ്) മദ്യഷാപ്പുകളുടെ അവധി ദിനങ്ങൾ കുറവ് ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എത്ര ദിവസമായിട്ടാണ് കുറവ് ചെയ്തിട്ടുള്ളത് ;

(എച്ച്) ശമ്പളദിനങ്ങളിൽ മദ്യഷാപ്പുകൾ തുറന്നുവയ്ക്കുന്നത് നിയന്ത്രിക്കുമോ ?

ഉത്തരം

(എ) മദ്യഷാപ്പുകളുടെ പ്രവർത്തനസമയത്തെ സംബന്ധിച്ച് അബ്കാരി ആക്ടിലും അനുബന്ധ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കള്ളുഷാപ്പുകളുടേയും വിദേശമദ്യഷാപ്പുകളുടേയും കാര്യത്തിൽ 2002-ലെ കേരള അബ്കാരി ഷോപ്പ് വിൽപ്പന ചട്ടത്തിലെ റൂൾ 7 (10) പ്രകാരം പ്രവർത്തനസമയം നിശ്ചയിക്കുവാനുള്ള മാനദണ്ഡം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് വിദേശമദ്യഷാപ്പുകളുടെ പ്രവർത്തന സമയം സംബന്ധിച്ച് വിദേശമദ്യ നിയമത്തിലെ റൂൾ 28 പ്രകാരവും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി&സി) പ്രവർത്തനസമയത്തിൽ വ്യത്യാസം വരുത്തുന്ന കാര്യം ആലോചനയിലില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അബ്കാരി നിയമം നടപ്പിലാക്കുവാൻ അധികാരപ്പെടുത്തിയിട്ടുള്ള എക്സൈസ് പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ആണ്.

(എഫ്&ജി) വിദേശമദ്യഷാപ്പുകളുടെ കാര്യത്തിൽ ഇല്ല. കള്ളഷാപ്പുകളുടെ കാര്യത്തിൽ ഒന്നാം തീയതി തുറക്കുന്നതാണ്.

(എച്ച്) എല്ലാ ഇംഗ്ലീഷ് മാസം ഒന്നാം തീയതിയും എല്ലാ വിദേശ മദ്യ ഷാപ്പുകളും അടച്ചിടുന്നതിനുള്ള നിയമം ഈ സാമ്പത്തികവർഷം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

പൊതുമേഖലയിലും സ്വകാര്യമേഖലയിലും വിദേശമദ്യ ഉല്പാദന ബ്ലണ്ടിംഗ് യൂണിറ്റുകൾ ആരംഭിക്കാനുള്ള തീരുമാനം

34 (1829) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതുതായി പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വിദേശമദ്യ ഉല്പാദന ബ്ലണ്ടിംഗ് യൂണിറ്റുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ ഇപ്പോൾ പ്രവർത്തിക്കുന്ന വിദേശമദ്യ ബ്ലണ്ടിംഗ് യൂണിറ്റുകൾ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും എത്രയെണ്ണം വീതമുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഗവൺമെന്റ് നിയന്ത്രണത്തിൽ കൂടുതൽ വിദേശമദ്യ ബ്ലണ്ടിംഗ് യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതു ജില്ലിയിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കേരളത്തിൽ ഇപ്പോൾ പൊതുമേഖലയിൽ ബ്ലണ്ടിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. സ്വകാര്യമേഖലയിൽ ഇപ്പോൾ 8 ബ്ലണ്ടിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു.

തിരുവനന്തപുരം	1
തൃശ്ശൂർ	2
പാലക്കാട്	4
കണ്ണൂർ	1

(സി&ഡി) ഇക്കാര്യത്തിൽ ഇപ്പോൾ നിർദ്ദേശം ഒന്നും സർക്കാരിന്റെ പരിഗണനയിലില്ല.

അന്യ സംസ്ഥാനങ്ങളിലെ ഡിസ്റ്റിലറികളിൽ നിന്നുള്ള നികുതി വരുമാനം

35 (1830) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഡിസ്റ്റിലറികൾ പ്രവർത്തിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഈ ഡിസ്റ്റിലറികൾ ഉൽപാദിപ്പിക്കുന്ന മദ്യം കെ. എസ്. ബി. സി. വാങ്ങുമ്പോൾ ഇവർ നൽകേണ്ടി വരുന്ന നികുതികൾ ഏതെല്ലാമാണ്. സെയിൽസ് ടാക്സ് എക്സൈസ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് ലഭിക്കുന്ന മൊത്തം നികുതിയെത്ര ;

LIBRARY ARCHIVES Kerala Legislative Assembly